## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2103** **16.08.2017-ൽ മറുപടിയ്ക്ക്**

### കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ്<br>വി. അബ്ദുറഹിമാൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | (എ) | അവലോകനം ചെയ്യാറുണ്ട്. ആഭ്യന്തര ഓഡിറ്റ്, ഏ.ജി.ഓഡിറ്റ് എന്നിവയ്ക്ക് പുറമെ സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ പുനരവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നുമുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ., പ്രവാസികൾക്കായി ചിട്ടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (ബി) | ഉദ്ദേശിക്കുന്നുണ്ട്. പ്രവാസി ചിട്ടി തുടങ്ങുന്നതിന് കേന്ദ്ര ചിറ്റ് ഫണ്ട് ആക്ടിലെ ചില ചട്ടങ്ങളിൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഇളവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇത് സംബന്ധിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു. |
| (സി) | പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള സോഫ്റ്റ് വെയർ രൂപകൽപ്പനയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ടോ; | (സി) | പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം കിഫ്ബി വഴി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾക്കായിരിക്കും ഉപയോഗിക്കുക. സൂക്ഷ്മാംശങ്ങൾ തീരുമാനിച്ചു വരുന്നതേയുള്ളൂ. |
| (ഡി) | പ്രവാസി ചിട്ടികളിൽ ചേർന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയും പെൻഷൻ പദ്ധതിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | തീരുമാനമായിട്ടില്ല. |

Sd/-

**സെക്ഷൻ ഓഫീസർ.**